# إرشـــاد الأئـــمـــة

تحت إشراف الأمانة عرفة للثقافة والخيرية، نلكزى، ارناكلم، كيرلا
(Arafa Cultural & Charitable Trust, Nellikuzhi, Ernakulam)

للأستاذ المولوي سي. اي. موسي الباقوي القاسمي : ٩٤٤٧٤٦٥٦٤٨
الإتصال: شمير الباقوي، ٩٤٩٥١٩٠٨٩٥

തീയതി: **10/08/2018.**

വിഷയം: " **മതചിഹ്നമാണ് ഉള്ഹിയ്യ** "

وَالْبُدْنَ جَعَلْنَاهَا لَكُم مِّن شَعَائِرِ اللَّهِ لَكُمْ فِيهَا خَيْرٌ ۖ فَاذْكُرُوا اسْمَ اللَّهِ عَلَيْهَا صَوَافَّ ۖ فَإِذَا وَجَبَتْ جُنُوبُهَا فَكُلُوا مِنْهَا وَأَطْعِمُوا الْقَانِعَ وَالْمُعْتَرَّ ۚ كَذَٰلِكَ سَخَّرْنَاهَا لَكُمْ لَعَلَّكُمْ تَشْكُرُونَ ﴿الحج: ٣٦﴾

- പുണ്യമായ ദുൽഹജ്ജ് മാസം സമാഗതമായിരിക്കുകയാണ്. നിലവിലെ മാസനിർണ്ണയപ്രകാരം ഞായർ/തിങ്കൾ മാസം ആരംഭിക്കും. ഇസ്ലാമിന്റെ അഭിമാനമായ ഹജ്ജ് കർമ്മങ്ങൾ നടക്കുന്ന മാസം, ദിവസങ്ങൾ എന്ന നിലയ്ക്ക് ദുൽഹജ്ജിന് വലിയ സ്ഥാനമാണുള്ളത്.
- അതിപ്രധാന വിഷയങ്ങൾ ബോധ്യപ്പെടുത്താൻ പ്രാപഞ്ചിക പ്രതിഭാസങ്ങളെ കൊണ്ട് സത്യം ചെയ്ത് സംസാരിക്കൽ ഖുർആനിക രീതിയാണ്. ഉദാ:

والشمس ، والقمر، والسماء

ഈ ഗണത്തിൽപ്പെടുത്തി ദുൽഹജ്ജ് 1-10 ദിവസങ്ങളെകൊണ്ട് അല്ലാഹു സത്യം ചെയ്തിരിക്കുന്നു.

وَالْفَجْرِ (١) وَلَيَالٍ عَشْرٍ (٢) وَالشَّفْعِ وَالْوَتْرِ (٣) وَاللَّيْلِ إِذَا يَسْرِ (٤) هَلْ فِي ذَلِكَ قَسَمٌ لِذِي حِجْرٍ(٥) ﴿الفجر﴾

(وَالْفَجْرِ) عَنْ مَسْرُوقٍ: الْمُرَادُ بِهِ فَجْرُ يَوْمِ النَّحْرِ خَاصَّةً

(وَلَيَالٍ عَشْرٍ * وَالشَّفْعِ وَالْوَتْرِ) عَنْ جَابِرٍ قَالَ النَّبِيُّ (ص): إِنَّ الْعَشْرَ عَشْرُ الْأَضْحَى، وَالْوَتْرُ يَوْمُ عَرَفَةَ، وَالشَّفْعُ يَوْمُ النَّحْرِ (ابن كثير)

ഇത് ഈ ദിവസങ്ങളുടെ ഉയർന്ന പദവിയെ സൂചിപ്പിക്കുന്നതാണ്.

➢ ഈ ദിവസങ്ങളുമായി ബന്ധപ്പെട്ട് നാം നിർവ്വഹിക്കേണ്ട മഹത്തായ ഒരു സൽക്കർമ്മമാണ് ഉള്ഹിയ്യത്ത്. ഹജ്ജ്പോലെ ഇതും ഈ മാസത്തിലേ നിർവ്വഹിക്കാനാവൂ. അഥവാ ദുൽഹജ്ജ് 13 വരെ. (ഹനഫീ മദ്ഹബിൽ 12 വരെ)

ഹജ്ജിൽ എന്നപോലെ ഉള്ഹിയ്യത്ത് ഉദ്ദേശിക്കുന്നവരും ദുൽഹജ്ജ് ഒന്ന് മുതൽ ബലിദാനം വരെ രോമം, നഖം, നീക്കാവതല്ല.

عَنْ أُمِّ سَلَمَةَ أَنَّ النَّبِيَّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ إِذَا دَخَلَتْ الْعَشْرُ وَأَرَادَ أَحَدُكُمْ أَنْ يُضَحِّيَ فَلَا يَمَسَّ مِنْ شَعَرِهِ وَبَشَرِهِ شَيْئًا(مسلم)

അതിന്റെ ലക്ഷ്യവും താൽപ്പര്യവും കർമ്മശാസ്ത്ര പണ്ഡിതന്മാർ വിവരിച്ചിട്ടുണ്ട്.

وَحِكْمَتُهُ شُمُولُ الْمَغْفِرَةِ ، وَالْعِتْقِ مِنَ النَّارِ(تحفة)

(=ഈ കർമ്മം വഴി ലഭിക്കുന്ന നരകമോചനം തന്റെ ശരീരത്തിന്റെ എല്ലാ ഭാഗങ്ങൾക്കും ലഭിക്കലാണ് താൽപ്പര്യം.)

➢ പെരുന്നാൾ ദിനങ്ങളിൽ തന്റേയും ആശ്രിതരുടേയും ചെലവുകൾ കഴിഞ്ഞ് ബലിദാനത്തിന് കഴിയുന്നവർക്കെല്ലാം ഇത് ബാധകമാണ്.

1/7 പങ്ക് ചേർന്നിട്ടില്ലെങ്കിലും ഇത് നിർവ്വഹിക്കണം. അങ്ങനെ ഒരു അമൽ ഇസ്‌ലാമിൽ വേറെയില്ല. അത്രമേൽ പ്രധാനമാണത്.

അതുകൊണ്ട് തന്നെ നബി(സ്വ) ഇത് ഒരിക്കലും ഉപേക്ഷിച്ചിട്ടില്ല.

عَنْ ابْنِ عُمَرَ قَالَ أَقَامَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ بِالْمَدِينَةِ عَشْرَ سِنِينَ يُضَحِّي(ترمذي)

ഒരിക്കൽ മദീനയിൽ കൊടും ദാരിദ്ര്യം പിടിപെട്ടു. ആ കൊല്ലം ഉള്ഹിയ്യ് ഒഴിവാക്കി ആ പൈസ സാധുക്കളെ സഹായിക്കാൻ ഉപയോഗിക്കട്ടെയോ എന്ന് സ്വഹാബാക്കൾ ചോദിച്ചു. അപ്പോഴും ഉള്ഹിയ്യ അറുക്കാനാണ് നബി കൽപ്പിച്ചത്. കൂട്ടത്തിൽ ഇങ്ങനെ ഒരു നിർദ്ദേശവും നൽകി.

عَنْ سَلَمَةَ بْنِ الْأَكْوَعِ ، قَالَ : قَالَ النَّبِيُّ : (ص) : مَنْ ضَحَّى مِنْكُمْ ، فَلَا يُصْبِحَنَّ بَعْدَ ثَالِثَةٍ، وَفِي بَيْتِهِ مِنْهُ شَيْءٌ " . فَلَمَّا كَانَ الْعَامُ الْمُقْبِلُ قَالُوا :يَا رَسُولَ اللَّهِ، نَفْعَلُ كَمَا فَعَلْنَا الْعَامَ الْمَاضِي ؟ قَالَ :" كُلُوا ، وَأَطْعِمُوا، وَادَّخِرُوا، فَإِنَّ ذَلِكَ الْعَامَ كَانَ بِالنَّاسِ جَهْدٌ، فَأَرَدْتُ أَنْ تُعِينُوا فِيهِمْ " (مُتَّفَقٌ عَلَيْهِ)

ഈ ചരിത്രത്തിൽ നിന്ന് രണ്ട് കാര്യങ്ങൾ മനസ്സിലാക്കാം (1) ക്ഷാമ കാലത്തും സാമ്പത്തീക മാന്ദ്യം അനഭവപ്പെടുമ്പോഴും ഉളുഹിയ്യത്ത് ഉപേക്ഷിക്കാതാരിക്കുകയാണ് വേണ്ടത്. (2) ജീവ കാരണ്യ പ്രവർത്തനങ്ങളെക്കാളും മറ്റ് സുന്നത്തായ സ്വദഖകളെക്കാളും ഉളുഹിയ്യത്തിന് ഉയർന്ന സ്ഥാനമുണ്ട്.

തന്റെ വഫാത്തിന് ശേഷവും തനിക്കു വേണ്ടി ഉള്ഹിയ്യ നടത്താൻ തങ്ങൾ (സ) വസ്വിയ്യത്ത് ഏൽപ്പിക്കുകയുണ്ടായി.

عَنْ عَلِيٍّ أَنَّهُ كَانَ يُضَحِّي بِكَبْشَيْنِ أَحَدُهُمَا عَنْ النَّبِيِّ (ص) وَالْآخَرُ عَنْ نَفْسِهِ، فَقِيلَ لَهُ؟ فَقَالَ: أَمَرَنِي بِهِ يَعْنِي النَّبِيَّ (ص)فَلَا أَدَعُهُ أَبَدًا (ترمذي)

➤ അതുകൊണ്ടു തന്നെ കഴിയുന്നവരാരും ഈ അമലിൽ നിന്ന് വിട്ടു നിൽക്കരുത്. ഒറ്റക്ക് കഴിയാത്തവർ പങ്ക് ചേരുക. അതിൽ പോരായ്മയില്ല. പിന്നീട് 6 വർഷം കൂടി പങ്ക് ചേർന്ന് പൂർണ്ണമാക്കേണ്ടതുമില്ല.

കാരണം 1/7 തന്നെ പൂർണ്ണബലിയാണ്. അങ്ങനെയെങ്കിലും നിർവ്വഹിക്കണമെന്നർത്ഥം.

➤ ഉള്ഹിയ്യത്ത് ‘‘ദീനിന്റെ ചിഹ്നമാണ്’’ എന്നാണ് ഖുർആൻ പറയുന്നത്. പാർട്ടിക്കും സ്ഥാനാർത്ഥിക്കും ചിഹ്നങ്ങൾ എത്ര പ്രധാനമാണ്?. അതുപോലെ ദീനിന്റെ ചിഹ്നങ്ങളിൽ ഒന്നാണ് ഉള്ഹിയ്യത്. മറ്റൊരു നിലയ്ക്ക് പറഞ്ഞാൽ അയാളിൽ ദീൻ ഉണ്ട് എന്നതിന്റേയും കൂടി ചിഹ്നമാണ്.

وَالْبُدْنَ جَعَلْنَاهَا لَكُم مِّن شَعَائِرِ اللَّهِ لَكُمْ فِيهَا خَيْرٌ ۖ فَاذْكُرُوا اسْمَ اللَّهِ عَلَيْهَا صَوَافَّ ۖ فَإِذَا وَجَبَتْ جُنُوبُهَا فَكُلُوا مِنْهَا وَأَطْعِمُوا الْقَانِعَ وَالْمُعْتَرَّ ۚ كَذَٰلِكَ سَخَّرْنَاهَا لَكُمْ لَعَلَّكُمْ تَشْكُرُونَ ﴿الحج:٣٦﴾

( لَكُمْ فِيهَا خَيْرٌ ) عَنْ عَائِشَةَ ، أَنَّ رَسُولَ اللَّهِ (ص) قَالَ : " مَا عَمِلَ ابْنُ آدَمَ يَوْمَ النَّحْرِ عَمَلًا أَحَبَّ إِلَى اللَّهِ مِنْ هِرَاقَةِ دَمٍ ، وَإِنَّهُ لَتَأْتِي يَوْمَ الْقِيَامَةِ بِقُرُونِهَا وَأَظْلَافِهَا وَأَشْعَارِهَا ، وَإِنَّ الدَّمَ لَيَقَعُ مِنَ اللَّهِ بِمَكَانٍ ، قَبْلَ أَنْ يَقَعَ عَلَى الْأَرْضِ ، فَطِيبُوا بِهَا نَفْسًا (ابن كثير)

- ഇന്നത്തെ ചുറ്റുപാടിൽ വളരെ ശ്രദ്ധയോടെ നിർവ്വഹിക്കേണ്ട ഒന്നാണ് ഉള്ഹിയ്യത്ത്. ഇതര മതവിശ്വാസികൾക്ക് പ്രയാസമുണ്ടാക്കാതെ ശ്രദ്ധിക്കണം. അറവ, വിതരണം, അവയുടെ പ്രദർശനം, സോഷ്യൽ മീഡിയ ഇതൊക്കെ ശ്രദ്ധിക്കണം.

ഒരു ബഹുസ്വരസമൂഹത്തിൽ നാം മറ്റുള്ളവരെ മാനിക്കേണ്ടതുണ്ട്. കൂടാതെ ഇതെല്ലാം പ്രശനം ഉണ്ടാക്കാനുള്ള അവസരങ്ങളായി കാത്തിരിക്കുന്നവർ ഉള്ളപ്പോൾ പ്രത്യേകിച്ചും. ചിലരുടെ അശ്രദ്ധ ഒരു പ്രദേശത്തിന്റെ സ്വാസ്ഥ്യം കെടുത്താൻ കാരണമാകരുത്.

وَلَا تُلْقُوا بِأَيْدِيكُمْ إِلَى التَّهْلُكَةِ ۛ

- ഈ വർഷത്തെ ബലിപെരുന്നാളും ഉള്ഹിയ്യത്തും സമാധാനപരമായി പൂർത്തിയാകാൻ നാം ദുആ ചെയ്യുന്നവരാകണം. രാജ്യത്തിന്റെ പല പ്രദേശങ്ങളും അസ്വസ്ഥമാണ്. കോടതി ഇടപെട്ടിട്ടും ആൾക്കൂട്ടക്കൊലകൾ തുടരുകയാണ്. ഭരണകൂടം മൗനം അവലംബിക്കുന്നു. അവരിൽ ചിലർ ന്യായീകരിക്കുന്നു. തെരെഞ്ഞെടുപ്പ് രാഷ്ട്രീയമാണ് ഇതിന്റെ പിന്നിൽ. ഉമ്മത്തിന്റെ വേദന നാം ഓരോരുത്തരുടേയും വേദനയാണ്.

عَنْ مُعَاذٍ أَنَّهُ سَأَلَ النَّبِيَّ (ص) عَنْ أَفْضَلِ الْإِيمَانِ قَالَ: ....أَنْ تُحِبَّ لِلنَّاسِ مَا تُحِبُّ لِنَفْسِكَ، وَتَكْرَهَ لَهُمْ مَا تَكْرَهُ لِنَفْسِكَ(أحمد)

∆ ∆ ∆